## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5826

27-10-2011 ൽ മറുപടിയ്ക്ക്

## സർക്കാർ നിയന്ത്രണത്തിലുള്ള പുതിയ റൈസ് മില്ലുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച ആലത്തൂർ, വെച്ചൂർ റൈസ് മില്ലുകൾ പൂർണ്ണ തോതിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ ആരംഭിച്ച ആലത്തൂർ റൈസ് മിൽ 08-06-2010 മുതൽ പ്രവർത്തന രഹിതമാണ്. വെച്ചൂർ റൈസ് മില്ലിന്റെ നിർമ്മാണം ഓയിൽപാം ഇന്ത്യയുടെ മേൽനോട്ടത്തിൽ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. റൈസ് മില്ല് 2011 നവംബർ മാസത്തോടെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്. |
| (ബി) ഈ മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന അരിക്ക് പുതിയ ബ്രാൻഡ് പേര് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) ആലത്തൂർ റൈസ് മില്ലിൽ ഉല്പാദിപ്പിക്കുന്ന അരിയുടെ ബ്രാൻഡ് പേര് 'അന്നം' എന്നാണ്. ബ്രാൻഡ് പേര് മാറ്റുന്ന കാര്യം ഇതുവരെ ഉദ്ദേശിച്ചിട്ടില്ല. വെച്ചൂർ റൈസ് മില്ലിൽ ഉല്പാദിപ്പിക്കുന്ന അരിക്ക് 'കുട്ടനാട് റൈസ്' എന്ന ബ്രാൻഡ് പേര് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാന സർക്കാരോ, സർക്കാർ നിയന്ത്രിക്കുന്ന മറ്റ് ഏജൻസികളോ പുതിയ റൈസ് മില്ലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) തൽക്കാലം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ